പരിഷ്കരിച്ച പി.ഡബ്ല്യു.ഡി. മാന്വൽ

157 (2653) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിഷ്കരിച്ച പി.ഡബ്ല്യു.ഡി മാന്വലിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് പരിഷ്കരിച്ച മാന്വൽ എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O(P) No. 13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ ഇവയാണ്.

1. ഉദ്യോഗസ്ഥന്മാരുടെ ചുതലകളിലും ഉത്തരവാദിത്വങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.

2. പണി നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയിട്ടുണ്ട്.

3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പൊതുമരാമത്ത് പണികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്തഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

5. ആധുനിക നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ചു.

7. അഞ്ചുകോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തി. കൂടാതെ അഞ്ചുകോടി രൂപയ്ക്ക് മുകളിലുള്ള പണികൾക്ക് പുറത്തുനിന്നുള്ള ഏജൻസിയെക്കൊണ്ടുള്ള സാങ്കേതിക പരിശോധനയ്ക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലവധി ഒരു കാരണവശാലും അനുവദനീയ ശതമാനത്തിൽ (50%) അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴ കൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് പരമാവധി 10% ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്താനും വേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ഫിനാൻസ് വകുപ്പുമായി ചർച്ചകൾ പൂർത്തിയായി. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്തിയ മാന്വൽ പ്രസിദ്ധീകരിക്കുവാൻ നടപടികളെടുത്തുവരുന്നു.

സെൻട്രൽ റോഡ് ഫണ്ട്

158 (2654) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നബാർഡുവഴി നിർമ്മാണം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലയിൽ അനുമതി നൽകിയ റോഡ്, കെട്ടിടം, പാലങ്ങൾ തുടങ്ങിയവയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) സെൻട്രൽ റോഡ് ഫണ്ടിലേക്ക് ജില്ലയിൽനിന്ന് റോഡുകൾ പരിഗണിക്കാനുള്ള ഈ വർഷത്തെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly